പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 18004255214/155214 എന്നി ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനീതിയായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾസ്

231 (932) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്; ഈ സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം ഓപ്ഷൻ നൽകിയിട്ടുള്ള ജീവനക്കാർ എത്ര;

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യാൻ നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; നിലവിലെ സ്ഥിതിയെന്താണ് വ്യക്തമാക്കാമോ;

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് ഓപ്ഷൻ നൽകിയ യു.ഡി.സി.-മാർ സർവ്വീസിൽ ജൂനിയറായ സൂപ്പർവൈസർമാരുടെ കീഴിൽ ജോലി നോക്കേണ്ട സാഹചര്യം ഒഴിവാക്കാൻ എന്ത് തീരുമാനം കൈകൊള്ളുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ പ്രകാരമാണ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന തൊഴിൽ നിയമങ്ങൾ സംബന്ധിച്ച ലേബർ ടെസ്റ്റ് പാസ്സായിട്ടുള്ള ഡിനിയർ ക്ലാർക്കുമാരിൽനിന്നും സീനിയോറിറ്റി ക്രമത്തിൽ സമാനക്കയറ്റം മുഖേനയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നേരിട്ടും യഥാക്രമം 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തുന്നതാണ്. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് മാത്രമാണ് അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നുള്ള ബി.എ, ബി.എസ്.സി, ബി.കോം. ബിരുദത്തോടൊപ്പം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഇൻഡസ്ട്രിയൽ ലാ ബിരുദമോ, തൊഴിൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമങ്ങൾ ഓപ്ഷണലായുള്ള നിയമമാണോ, തൊഴിൽ നിയമങ്ങൾ ഉൾപ്പെടെ സോഷ്യൽ വർക്കിൽ നേടിയ ബിരുദാനന്തര ബിരുദമോ, പേഴ്സണൽ മാനേജ്മെന്റ്&ഇൻഡസ്ട്രിയൽ റിലേഷൻസിലുള്ള ബിരുദാനന്തര ബിരുദമോ ആണ് യോഗ്യത. 3:1 എന്ന അനുപാതത്തിൽ നിയമനം നടത്തുമ്പോൾ ആദ്യത്തെ മൂന്ന് ഒഴിവുകൾ സീനിയർ ക്ലാർക്കുമാരിൽനിന്നും ഇൻക്രിമെന്റ് പ്രൊമോഷൻ മുഖേനയും നാലാമത്തെ ഒഴിവിൽ നേരിട്ടുള്ള നിയമനവും നടത്തേണ്ടതാണ്. ലേബർ കമ്മീഷണറാണ് നിയമനാധികാരി. 23 വയസ്സ് പൂർത്തിയായി 35 വയസ്സ് കഴിയാത്തവരെയാണ് നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നത്. സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥ പ്രകാരം 93 ജീവനക്കാർ എക്സിക്യൂട്ടിവ് വിഭാഗത്തിലേക്ക് ഓപ്ഷൻ നൽകിയിട്ടുണ്ട്.

(ബി) 1991-ലെ കേരള ലേബർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശമുണ്ട്. അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേക്ക് നിലവിലുള്ള നിയമന അനുപാതം 3:1; വകുപ്പിലെ ജീവനക്കാർ 3 നേരിട്ടുള്ള നിയമനം 1 എന്നത് 1:1 എന്ന് പരിഷ്കരിക്കുന്നതും ഇൻക്രിമെന്റ് പ്രൊമോഷൻ മുഖേന അസിസ്റ്റന്റ് ലേബർ ഓഫിസർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷന് അർഹരാകുന്ന സീനിയർ ക്ലാർക്കുമാർക്ക് അംഗീകൃത സർവ്വകലാശാല ബിരുദം ഉൾപ്പെടുത്തുന്നതുമാണ് പ്രധാന നിർദ്ദേശങ്ങൾ. സ്പെഷ്യൽ റൂൾസ് പരിഷ്കരണത്തിനു മുന്നോടിയായി 6-1-2016-ലെ 25955/ഡി3/2015/തൊഴിൽ നമ്പർ കത്തുപ്രകാരം സർവ്വീസ് സംഘടനാ പ്രതിനിധികളുടെയും വകുപ്പിലെ ജീവനക്കാരുടേയും അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II റാങ്ക് ഹോൾഡർമാരുടെയും സംയുക്തയോഗം 13-1-2016 തീയതിയിൽ വിളിച്ചുചേർക്കുകയുണ്ടായി. പി.എസ്.സി. റാങ്ക് ഹോൾഡർമാരുടെയും ജീവനക്കാരുടെയും വാദങ്ങൾ കേൾക്കുകയും ചെയ്തു. 10-2-2016 തീയതിയിൽ സർവ്വീസ് സംഘടനാ പ്രതിനിധികളുടെ യോഗം വീണ്ടും ചേരുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നിലവിലെ സ്ഥിതി തുടരുന്നതാണ്.

കൺസോർഷ്യം രൂപീകരണം

232 (T*933) <u>ശ്രീമതി കെ. കെ. രമ</u>ിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനത്തിന് അത്യന്താപേക്ഷിതമായ നൈപുണ്യം ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത വിദഗ്ധരെ ഉൾക്കൊള്ളിച്ച കൊണ്ട് കൺസോർഷ്യം (സി. ആർ.ഇ.ഡി.) രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ;

---

* Thiruvilla Chodyathe Suchippikkunnu

LIBRARY ARCHIVES Kerala Legislative Assembly